**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**2018 ജനുവരി 24, ബുധൻ**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 473**

**സർക്കാർ വകുപ്പുകൾക്കായി വാഹനം വാങ്ങൽ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.സി. ജോർജ്** | **ശ്രീ. തോമസ് ഐസക്,**<br>**ബഹു.ധനകാര്യവും, കയറും വകുപ്പ് മന്ത്രി** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിലേയ്ക്ക് വാഹനം വാങ്ങുന്നതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വർഷം തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ലഭ്യമായ വകുപ്പ് തല കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം സർക്കാരിലേക്ക് വാഹനം വാങ്ങുന്നതിനായി 4.96 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം വാഹനം വാങ്ങുന്നതിനായി 2.51 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ടുകളുടെ ഭാഗമായി പ്ലാൻ ഇനത്തിൽ നിന്നും തുക ചെലവഴിച്ച് വാങ്ങുന്ന വാഹനങ്ങളുടെ വിവരം ധനകാര്യ വകുപ്പിൽ സൂക്ഷിക്കുന്നില്ല. |
| (ബി) ഏതൊക്കെ വകുപ്പുകൾക്കാണ് വാഹനം വാങ്ങാൻ പണം അനുവദിച്ചിട്ടുള്ളതെന്നും ഏതൊക്കെ വാഹനങ്ങൾ വാങ്ങുന്നതിനാണ് പണം അനുവദിച്ചതെന്നും വിശദമാക്കുമോ; | ഇതു സംബന്ധിച്ച വിശദാംശങ്ങൾ ധനകാര്യ വകുപ്പിൽ സൂക്ഷിക്കുന്നില്ല. |
| (സി) ക്യാബിനറ്റ് റാങ്കിലുള്ള മന്ത്രിമാർക്കും പ്രതിപക്ഷ നേതാവിനും മറ്റും പുതിയ വാഹനം വാങ്ങാൻ തുകയനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് തുകയനുവദിച്ചതെന്നും എത്ര കോടി രൂപയാണ് അനുവദിച്ചതെന്നും ആർക്കൊക്കെയാണ് അനുവദിച്ചതെന്നും പ്രത്യേകം ഇനം തിരിച്ച് വിശദാംശങ്ങൾ നൽകുമോ? | VVIP കളുടേയും മന്ത്രിമാരുടേയും ഉപയോഗത്തിനായി വാഹനങ്ങൾ നൽകി വരുന്ന ടൂറിസം വകുപ്പിന്റെ കീഴിലുള്ള പഴക്കം ചെന്നതും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗിക്കാനാവാത്തതുമായ 35 വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി തുക അനുവദിക്കണം എന്ന ശുപാർശ ധനകാര്യ വകുപ്പ് പരിശോധിച്ച് ആയതിലേക്കായി 678 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇത് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**